DISPATCHED
21/01/2020



07/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP No.1586(4)/2015**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.10207/*എസ്.ഐ.സി–ജി 2/2015*

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഗിരീഷ് കുമാർ. ആർ,
വടക്കേതൊയ് തോട്ടത്തു കടയറ വീട്,
തൊഴുക്കൽ, നെയ്യാറ്റിൻകര പി.ഒ,
തിരുവനന്തപുരം– 695 121.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (എൻ.ആർ.ഐ
സെൽ), പോലീസ് ആസ്ഥാനം,
ശാസ്തമംഗലം പി.ഒ,
തിരുവനന്തപുരം–695 010.

2. അപ്പീൽ അധികാരി &
പോലീസ് സൂപ്രണ്ട് (എൻ.ആർ.ഐ. സെൽ),
സെൽ), പോലീസ് ആസ്ഥാനം,
ശാസ്തമംഗലം പി.ഒ,
തിരുവനന്തപുരം–695 010.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 23.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 23.03.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 04.05.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 16.05.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16.06.2015 |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസായ സംസ്ഥാന പോലീസ് ആസ്ഥാനത്ത് 9 കാര്യങ്ങൾ ആവശ്യപ്പെട്ട് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്ന് ചൂണ്ടിക്കാട്ടിയാണ് 16.05.2015 ൽ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് 04.07.2015 ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് 21.07.2015 ൽ രണ്ടാം എതിർകക്ഷിയും 20.07.2015 ൽ ഒന്നാം എതിർകക്ഷിയും റിപ്പോർട്ട് നൽകി.

3. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംസ്ഥാനത്തെ വിവിധ പോലീസ് ഓഫീസുകളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് നൽകേണ്ടതായിരുന്നുവെന്നും അങ്ങനെ ക്രോഡീകരിച്ചു നൽകാൻ നിയമം അനുശാസിക്കാത്തതുകൊണ്ട് അത് നൽകിയില്ല എന്നും എന്നാൽ ഓഫീസിൽ നിന്ന് നൽകാവുന്ന വിവരങ്ങൾ നൽകി എന്നും മറ്റ് വിവരങ്ങൾ ബാക്കി ഓഫീസുകളിൽ നിന്ന് ശേഖരിക്കാൻ പറഞ്ഞുവെങ്കിലും അപേക്ഷകൻ അതിന് തയ്യാറായില്ലെന്നും റിപ്പോർട്ടിൽ പറഞ്ഞു.

4. ഇതിന് ശേഷം 06.01.2020 ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിങ്ങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

5. ചോദ്യങ്ങളിൽ ഭൂരിപക്ഷവും സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നിന്ന് ശേഖരിച്ച് നൽകേണ്ടതായിരുന്നുവെന്നും, അത്തരത്തിൽ വിവരങ്ങൾ ശേഖരിച്ച് ഫയലായി സൂക്ഷിച്ചിട്ടില്ലെന്നും അതുകൊണ്ടാണ് അവ നൽകാൻ കഴിയാതെ വന്നതെന്നും, ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

RIGHT TO INFORMATION

6. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ടിയാൻ പറയുന്നത് വസ്തുതാപരമാണെന്ന് കമ്മീഷൻ കരുതുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള പോലീസ് ഓഫീസുകളിൽ നിന്ന് വിപുലമായ വിവരങ്ങൾ ശേഖരിച്ച് നൽകുക എന്നത് പ്രായോഗികമല്ല; അത്തരത്തിൽ നിയമം അനുശാസിക്കുന്നുമില്ല.

7. ആയതുകൊണ്ട് മറ്റ് ഓഫീസുകളിൽ നിന്ന് ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾക്ക് അപ്പീൽ ഹർജിക്കാരന് അതാത് ഓഫീസുകളിൽ വിവരാവകാശ അപേക്ഷ നൽകി കൈപ്പറ്റാവുന്നതാണ്.

8. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 07.01.2020 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

re